## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2690. 20.03.2015 -ലെ മറുപടിയ്ക്ക്

**സർവ്വകലാശാലകൾ നേരിടുന്ന പ്രതിസന്ധികൾ**

*ചോദ്യം*
ശ്രീ. സി. ദിവാകരൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കേരളത്തിലെ സർവ്വകലാശാലകൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്താണ് പരിഹാര മാർഗ്ഗങ്ങൾ ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | സർവ്വകലാശാലകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സർവ്വകലാശാലകളുടെ സാമ്പത്തിക സ്ഥിതിയെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മുൻ ചീഫ് സെക്രട്ടറി, ശ്രീ. കെ. വി. രബീന്ദ്രൻ നായർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. ഈ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളുടെ പരീക്ഷ നടത്തിപ്പ് ഉൾപ്പെടെയുള്ള കാര്യങ്ങളിലെ ചെലവ് നിയന്ത്രിക്കുന്നതിനായി ഇ - ഗവേണൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി ചാൻസലർ, സർക്കാർ, ഉന്നത വിദ്യാഭ്യാസ കൗൺസിൽ എന്നിവരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ